# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 6674

12.07.2012-ൽ മറുപടിക്ക്

## സർവ്വീസ് സഹകരണ ബാങ്കുകളുടെ ബ്രാഞ്ചുകൾ തുടങ്ങുന്നതിനുള്ള വ്യവസ്ഥകൾ

**ചോദ്യം**

ശ്രീ. എ.റ്റി. ജോർജ് :
ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വി.റ്റി. ബൽറാം:
ശ്രീ. എം.പി. വിൻസെന്റ് :

(എ) സർവ്വീസ് സഹകരണ ബാങ്കുകളുടെ ബ്രാഞ്ചുകൾ തുടങ്ങുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

**മറുപടി**

ശ്രീ. സി.എൻ. ബാലകൃഷ്ണൻ
(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി)

(എ) ബ്രാഞ്ചുകൾ തുടങ്ങുന്നതിനുള്ള വ്യവസ്ഥകൾ താഴെ ചേർക്കുന്നു.

1. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ എന്നിവയുടെ ശാഖകൾക്കുള്ള അപേക്ഷ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മുഖേന ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്.
2. അപേക്ഷിക്കുന്നമുറയ്ക്ക് ജില്ലാ ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർ, ആഡിറ്റ് വിഭാഗം ജോയിന്റ് ഡയറക്ടർ എന്നിവർ സംയുക്തമായി ശാഖ പ്രവർത്തിപ്പിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് സർവ്വേ നടത്തി ശാഖയുടെ വിജയസാധ്യത, ടി പ്രദേശത്ത് ബാങ്കിന്റെ നിലവിലുള്ള പ്രവർത്തനം, കാർഷിക വായ്പാവിതരണം, ശാഖ ആരംഭിച്ചാൽ കൂടുതൽ വായ്പ വിതരണം ചെയ്യുന്നതിനുള്ള സാധ്യത, ശാഖ നടത്തുന്നതിനുള്ള കെട്ടിടത്തിന്റെ ലഭ്യത, സുരക്ഷിതത്വം, ജീവനക്കാരുടെ വിന്യാസം, നിക്ഷേപം ലഭിയ്ക്കാനുള്ള സാധ്യത മറ്റ് പ്രവർത്തനങ്ങൾക്കുള്ള സാധ്യത തുടങ്ങിയ വിവരങ്ങൾ ഉൾക്കൊള്ളിച്ച് വിശദമായ ഒരു സംയുക്ത സർവ്വേ റിപ്പോർട്ട് തയ്യാറാക്കി ആയതു സഹിതം ജോയിന്റ് രജിസ്ട്രാർ ജനറലിന്റെ ശുപാർശ സഹിതം സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിയ്ക്കേണ്ടതാണ്.
3. ബ്രാഞ്ചിന് അപേക്ഷിക്കുന്ന സംഘം കാർഷിക വായ്പ നൽകുന്നുവെന്നും, ബ്രാഞ്ച്

ആരംഭിയ്ക്കുന്നതിന് ബൈലായിൽ വ്യവസ്ഥയുണ്ടെന്നും, നിർദ്ദിഷ്ടശാഖ ആരംഭിയ്ക്കുന്നതിനുദ്ദേശിക്കുന്ന സ്ഥലം സംഘം പ്രവർത്തന പരിധിയിലാണെന്നും, സമാന സ്വാഭാവമുള്ള മറ്റൊരു സംഘവുമായി അതിവ്യാപനം ഇല്ലെന്നും, സംഘത്തിന്റെ കുടിശ്ശിക നിലവാരം 25% ൽ അധികരിച്ചിട്ടില്ലെന്നും, സംഘം സഹകരണ ചട്ടം 63 പ്രകാരം തരളധനം സൂക്ഷിച്ചിട്ടുണ്ടെന്നും, ശാഖ നടത്തിപ്പിന് പരിശീലനം സിദ്ധിച്ച ജീവനക്കാർ ഉണ്ടെന്നും, സംഘത്തിന്റെ സാമ്പത്തിക സ്ഥിതിയും, പ്രവർത്തനവും തൃപ്തികരമാണെന്നും, സർക്കാരിലേയ്ക്ക് യാതൊരു തുകയും കുടിശ്ശികയിനത്തിൽ അടയ്ക്കുവാനില്ലെന്നും സംഘം അഴിമതി രഹിതമാണെന്നും ഉറപ്പാക്കി, സഹകരണ സംഘം രജിസ്ട്രാർ ശാഖ അനുവദിക്കുന്നതിന് ജോയിന്റ് രജിസ്ട്രാർക്ക് അനുവാദം നൽകും.

| | | | |
|---|---|---|---|
| (ബി) | ഒരു സംഘത്തിന്റെകീഴിൽ എത്ര ബ്രാഞ്ചുകളും ഒരു ബ്രാഞ്ചിൽ എത്ര ഉപഭോക്താക്കളും ഉണ്ടാകണം എന്ന് വ്യവസ്ഥയുണ്ടോ; | (ബി) | അപ്രകാരം വ്യവസ്ഥയില്ല. |
| (സി) | ബ്രാഞ്ചുകൾ തമ്മിൽ ദൂരപരിധി നിശ്ചയിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) | ഉദ്യോഗസ്ഥൻമാരുടെ നിയമനം ലക്ഷ്യമാക്കി സംഘങ്ങൾ അടുത്തടുത്ത് ബ്രാഞ്ചുകൾ തുടങ്ങുന്നത് നിർത്തലാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | നിലവിലുള്ള ജീവനക്കാരുടെ സേവനം പ്രയോജനപ്പെടുത്തി ബ്രാഞ്ച് പ്രവർത്തിപ്പിക്കണമെന്ന നിബന്ധനയോടെയാണ് ബ്രാഞ്ച് ആരംഭിയ്ക്കാൻ അനുമതി നൽകുന്നത്. പിന്നീട് ശാഖകളുടെ പ്രവർത്തനം വിലയിരുത്തി മാത്രമേ ശാഖകളിൽ ജീവനക്കാരുടെ തസ്തികകൾ അനുവദിച്ചു നൽകാറുള്ളൂ. |

**സെക്ഷൻ ഓഫീസർ**